


## ഫാ. ഡോ. സി. റ്റി. ഈപ്പൻ

(1895 മാർച്ച് 25 – 1977 ഏപ്രിൽ 1)

പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വക്താവും വേദശാസ്ത്രജ്ഞനും എഴുത്തുകാരനും ദാർശനികനുമായ ഫാ. ഡോ. സി. റ്റി. ഈപ്പൻ അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ തോമസ് മുതലാളിയുടെയും ഏലിയാമ്മയുടെയും മകനായി 1895 മാർച്ച് 25 ന് ജനനം.

തിരുവല്ല എം.ജി.എം. ഹൈസ്കൂൾ, സെറാമ്പൂർ കോളജ്, അമേരിക്കയിലെ ജനറൽ തിയോളജിക്കൽ സെമിനാരി, ചിക്കാഗോ സർവ്വകലാശാല, ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് MA, STM, Ph.D ബിരുദങ്ങൾ കരസ്ഥമാക്കി. മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെങ്കിലും സ്വയം പിന്മാറി. ഗ്രാമീണ ജനതയുടെ സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യമാക്കി ശാസ്താംകോട്ട കായലിന്റെ പ്രശാന്തമായ തീരത്ത് റെസിഡൻഷ്യൽ ഹൈസ്കൂൾ ആരംഭിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറാ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് 1954 –ൽ ഇവാൻസ്റ്റണിൽ നടന്ന WCC അസംബ്ലിയിലും 1963 –ലെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകനായും പങ്കെടുത്തു. യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് മാർഗ്ഗം പകർന്ന ഫാ. ഡോ. സി. റ്റി. ഈപ്പൻ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്നു. ഭാരതത്തിലും വിദേശത്തുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറായും സേവനം അനുഷ്ടിച്ചു. ഓറിയന്റൽ–ബൈസെന്റയിൻ ഓർത്തഡോക്സ് സഭകളുടെ സഭാന്തര സംഭാഷണങ്ങൾക്ക് മുഖ്യ നേതൃത്വം നല്കി.

എക്യുമെനിക്കൽ ദർശനവും മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസവും സമന്വയിപ്പിച്ച് പ്രസിദ്ധീകരിച്ച The Star of the East എന്ന എക്യുമെനിക്കൽ ജേർണലിന്റെ സ്ഥാപകനും ചീഫ് എഡിറ്ററും ശാസ്താംകോട്ട ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് സ്ഥാപക ട്രസ്റ്റിയുമായിരുന്നു. 1977 ഏപ്രിൽ 1 –ന് ദിവംഗതനായി.

Greeshma Designs Ktm. 2300798

പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വക്താവുമായ

# ഫാ. ഡോ. സി. റ്റി. ഈപ്പൻ

## അനുസ്മരണ സമ്മേളനവും പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനവും



**2016 ഏപ്രിൽ 1 വൈകിട്ട് 3 മണി**

**സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഓഡിറ്റോറിയം**
**കണ്ണംകോട് – അടൂർ**

**മുഖ്യനേതൃത്വം**

പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ
അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത
അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത
അഭി. ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്ത
ഫാ. ഡോ. കെ. എം. ജോർജ്



# ഫാ. ഡോ. സി. റ്റി. ഈപ്പൻ

## അനുസ്മരണ സമ്മേളനവും പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനവും

പ്രിയരേ,

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രശസ്ത വേദശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വക്താവും എഴുത്തുകാരനും ശാസ്താംകോട്ട ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് സ്ഥാപക ട്രസ്റ്റിയുമായിരുന്ന അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ **ഫാ. ഡോ. സി. റ്റി. ഈപ്പന്റെ 39–ാം ചരമ വാർഷികവും അനുസ്മരണ സമ്മേളനവും 2016 ഏപ്രിൽ ഒന്നിന്** വൈകിട്ട് മൂന്ന് മണിക്ക് മാതൃ ഇടവകയായ അടൂർ കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടത്തും.

**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ** അനുസ്മരണ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യും. കൊല്ലം ഭദ്രാസനാധിപൻ **അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത** അദ്ധ്യക്ഷത വഹിക്കും. ഫാ. ഡോ. സി. റ്റി. ഈപ്പൻ പ്രസിദ്ധീകരിച്ച **Star of the East** എന്ന എക്യുമെനിക്കൽ ജേർണലിന്റെ പുനഃപ്രകാശനം **അഭിവന്ദ്യ യാക്കൂബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത** നിർവ്വഹിക്കും. മഹാത്മാ ഗാന്ധി സർവ്വകലാശാല ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് പഠനപീഠത്തിന്റെ അദ്ധ്യക്ഷനും സോപാന ഓർത്തഡോക്സ് അക്കാദമി ഡയറക്ടറുമായ **ഫാ. ഡോ. കെ. എം. ജോർജ്** അനുസ്മരണ പ്രഭാഷണം നടത്തും.

ഏവരെയും വളരെ ഹൃദയപൂർവ്വം പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു.

എന്ന്

**ഫാ. ജോർജ്ജ് വർഗ്ഗീസ്**
(വികാരി, സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, കണ്ണംകോട്, അടൂർ)

**ഫാ. തോമസ് വർഗീസ് ചാവടിയിൽ**
(സെക്രട്ടറി, ഡോ. സി. റ്റി. ഈപ്പൻ ട്രസ്റ്റ്)

അടൂർ
15–03–2016

## പ്രോഗ്രാം


01–04–2016

**7.00 a.m.** **പ്രഭാത നമസ്ക്കാരം, വി. കുർബ്ബാന**
അടൂർ കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ

- **അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെയും അഭിവന്ദ്യ യാക്കൂബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായുടെയും മുഖ്യ കാർമ്മികത്വത്തിൽ**
- **ഫാ. ഡോ. സി. റ്റി. ഈപ്പന്റെ കബറിങ്കൽ ധൂപപ്രാർത്ഥന**

**3.00 p.m.** **അനുസ്മരണ സമ്മേളനവും പ്രഭാഷണപരമ്പരയുടെ ഉദ്ഘാടനവും**
(സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഓഡിറ്റോറിയം, അടൂർ)

ഉദ്ഘാടനം **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**



### ഫാ. ഡോ. കെ. എം. ജോർജ്

ദാർശനികനും ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനും കവിയും ചിത്രകാരനും. ബെൽജിയത്തിലെ ലുവെയ്ൻ യൂണിവേഴ്സിറ്റി, പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റി, സോർബോൺ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് ഡോക്ടറേറ്റ് നേടി. കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ, ജനീവയിൽ ബോസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസ്സർ, അസ്സോസിയേറ്റ് ഡയറക്ടർ, ഡൽഹി ഓർത്തഡോക്സ് സെന്റർ സെക്രട്ടറി, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് സെക്രട്ടറി, അഖില ലോകസഭാ കൗൺസിൽ പ്രോഗ്രാം മോഡറേറ്റർ, കേന്ദ്ര കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഫ്രഞ്ച്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ എഴുതുന്നു. ജനതകളുടെ പ്രകാശം, റോമാ ലേഖന വ്യാഖ്യാനം, തീർത്ഥാടനം, പ്രവാസത്തിന്റെ നാളുകൾ, ദ് സൈലന്റ് റൂട്സ്, Gospel & Culture എന്റെ കൃപ നിനക്കുമതി, ആധുനികതയുടെ ദാർശനിക മാനങ്ങൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിചാരശില്പികൾ, കൊച്ചുരാജകുമാരൻ (തർജ്ജമ), ജീവന്റെ വിസ്മയം, അനുഗൃഹീതമായ കണ്ണുനീർ, പ്രകാശത്തിന്റെ നൃത്തവേദി, Interfacing Theology with Culture എന്നീ കൃതികൾ രചിച്ചു.

ഓർത്തഡോക്സ് യൂത്ത്, സ്റ്റാർ ഓഫ് ദ് ഈസ്റ്റ്, പുരോഹിതൻ എന്നിവയുടെ എഡിറ്ററായിരുന്നു. മലങ്കര സഭയുടെ എല്ലാ ഡയലോഗ് ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകുന്നു. ലോകമതസമ്മേളനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്യുന്നു.

കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാല ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് പഠനപീഠത്തിന്റെ അദ്ധ്യക്ഷനും സോപാന ഓർത്തഡോക്സ് അക്കാദമി ഡയറക്ടറുമായി സേവനം അനുഷ്ഠിക്കുന്നു.